**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **10-06-2024 - ൽ മറുപടിയ്ക്ക്**

**പന്തീരാങ്കാവ് സ്ത്രീധന പീഡന കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള , പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. ടി. വി. ഇബ്രാഹിം , ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കോഴിക്കോട് പന്തീരാങ്കാവിൽ വിവാഹം കഴിഞ്ഞ് ആറാം ദിവസം സ്ത്രീധനത്തിന്റെ പേരിൽ ഭാര്യയെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ ഗാർഹിക പീഡനത്തിന് മാത്രം കേസ്സെടുത്ത് പ്രതിയെ സംരക്ഷിക്കാൻ പോലീസ് നീക്കം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ബന്ധുക്കൾ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പന്തീരാങ്കാവ് പോലീസ് യുവതിയുടെ മൊഴി രേഖപ്പെടുത്തുകയും ക്രൈം നമ്പർ 391/2024 ആയി IPC 324, 498 എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രാഥമിക ഘട്ടത്തിൽ കേസിന്റെ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പന്തീരാങ്കാവ് എസ്.എച്ച്.ഒ സരിനെയും പ്രതിയെ സഹായിച്ചുവെന്നാരാപിക്കപ്പെട്ട സി.പി.ഒ ശരത് ലാലിനെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ കേസിന്റെ അന്വേഷണം ഫറോക്ക് അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ നടന്നു വരുന്നു. |
| (ബി) | യുവതിയുടെ വീട്ടുകാർ പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി പരാതി നൽകിയിരുന്നോയെന്നും യുവതിയിൽ നിന്നും പോലീസ് മൊഴിയെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കേസിലെ പ്രതിയെ പിടികൂടുന്നതിനും കേസ്സെടുക്കുന്നതിനും പോലീസിന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ